'ഒരു പ്രശ്നം, പക്ഷേ, തൃപ്തികരമായി പരിഹരിക്കാൻ കഴിയുന്ന തായിരുന്നില്ല. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു'' എന്ന നോവലിന്റെ അവസാനാദ്ധ്യായത്തിൽ ആ ആന, വാസ്തവത്തിൽ, 'ഒരു കുഴിയാനേർന്നു' എന്നു ചില പിള്ളേർ വിളിച്ചുപറയുന്നുണ്ടു്. 'കുഴിയാന' എന്ന വാക്കിനു തുല്യമായ ഇംഗ്ലീഷ്പദം 'ആൻറ്ലയൺ' (ഉറുമ്പുസിംഹം) എന്നതാണു്. ആ സന്ദർഭത്തിലെ ശ്ലേഷം ഈ ഇംഗ്ലീഷ്പദം ഉപയോഗിച്ചാൽ കിട്ടുകയില്ല. അതിനാൽ 'എലിഫൻറ് ആൻറ്' (ആനയുറുമ്പു്) എന്ന ഒരു പുതിയ ഇംഗ്ലീഷ് പദം സൃഷ്ടിച്ചുകൊണ്ടു് അവിടെ ഞങ്ങരം തടിതപ്പുകയാണുണ്ടായതു്. ഞങ്ങളറിഞ്ഞിടത്തോളം അങ്ങനെയൊരു ജന്തു ഇല്ലെന്നു് വായനക്കാർക്കു ഞങ്ങരം താക്കീതു തരുന്നു. പുസ്തകനാമത്തിലെ 'ആന'യെക്കുറിച്ചുള്ള സമാനമായ മറ്റൊരു സൂചന ഞങ്ങരം ഉപേക്ഷിച്ചിരിക്കുകയാണു്. നായികയുടെ 'ഉപ്പുപ്പ'യുടെ 'ആനമക്കാർ' എന്ന പേരാണു് അതു്. ഈ പേരു് 'എലിഫെൻറ്മക്കാർ' എന്നു വിവർത്തനംചെയ്യുന്നതു താരതമ്യേന ക്ലിഷ്ടമായിത്തോന്നി. 'പരിചിതങ്ങളല്ലാത്ത പദങ്ങരംക്കു് വിശദീകരണങ്ങരം ആവശ്യമുള്ളവർക്കുവേണ്ടി ഞങ്ങളൊരു ശബ്ദകോശം പുസ്തകാവസാനത്തിൽ ചേർത്തിട്ടുണ്ടു്. മിക്ക വായനക്കാർക്കും അതു് ആവശ്യമുണ്ടാവുകയില്ലെന്നാണു് ഞങ്ങളുടെ പ്രതീക്ഷ.'

വിവർത്തനമെന്ന പ്രക്രിയയെ എത്രമാത്രം ഗൗരവബുദ്ധിയോടെയാണു് പ്രൊഫസർ ആഷർ സമീപിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുവാനാണു് ഇത്രയും ദീർഘമായ ഒരു ഉദ്ധാരണം ഇവിടെ ചേർത്തതു്. മൂലകൃതിയുടെ 'അർത്ഥം' മാത്രം നൽകുന്നതുകൊണ്ടു് അദ്ദേഹം തൃപ്തനല്ല. അതിന്റെ 'സ്വാദ്'' (ഫ്ളേവർ) വിവർത്തനത്തിലൂടെ ഇംഗ്ലീഷ് വായനക്കാർക്കു നൽകുകയാണു് അദ്ദേഹത്തിന്റെ ഉദ്ദേശ്യം. 'തർജമ സ്ത്രീയെപ്പോലെയാണു്. അവരം സുന്ദരിയെങ്കിൽ വിശ്വസ്തയല്ല; വിശ്വസ്തയെങ്കിൽ സുന്ദരിയുമല്ല' എന്നൊരു ചൊല്ലുണ്ടു്. പ്രൊഫസർ ആഷറുടെ തർജമ ഒരേ സമയം സുന്ദരിയും വിശ്വസ്തയുമാകുന്നു. അർഹിതാത്മാവായ ഇത്തരമൊരു വിവർത്തകനെ ലഭിച്ചതു് ബഷീറിന്റെ ഭാഗ്യമാണു്; മലയാളസാഹിത്യത്തിന്റെ ഭാഗ്യമാണു് എന്നു പറയുന്നതും അതിശയോക്തിയായിരിക്കുകയില്ല. പ്രാതിനിധ്യസ്വഭാവമുള്ള കൃതികരം സമാഹരിച്ചു വിവർത്തനം ചെയ്തു യുനെസ്കോ പ്രസിദ്ധീകരിച്ചിട്ടുള്ള കൂട്ടത്തിൽ പ്രൊഫസർ ആഷർ വിവർത്തനംചെയ്ത 'ബാല്യകാലസഖി', 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു'', 'പാത്തുമ്മയുടെ ആടു്'' എന്നിവ ഉരംപ്പെടുത്തിയിരിക്കുന്നു.

(3 ജൂൺ, 1984)

## 65. കവിതിലകൻ പണ്ഡിതർ കെ. പി. കറുപ്പൻ

'ശൂദ്രമക്ഷരസംയുക്തം,
ദൂരതഃപരിവർജയേൽ'

എന്ന വരികരം ഉദ്ധരിച്ചു്, സംസ്കൃതഭാഷയും അതിൽ നിക്ഷിപ്തമായ വിജ്ഞാനസമ്പത്തും കേരളത്തിൽ അബ്രാഹ്മണർക്കു്, വിശേഷിച്ചു് അധഃകൃതർക്കു് നിഷേധിക്കപ്പെട്ടിരുന്നു എന്നു് വാദിക്കുന്നവരെ നമ്മുടെ ഇടയിൽ ഇപ്പോഴും കാണാം. യാഗാദികർമങ്ങളെപ്പററി പ്രതി

പാഠിക്കുന്നതും ഈ കർമങ്ങളിൽ ഉപയോഗപ്പെട്ടിരുന്നതുമായ വൈദിക സാഹിത്യം, പൊതുവെ, അബ്രാഹ്മണർക്കു് അപ്രാപ്യമായിരുന്നു എന്നതു ശരിയാണ്. എന്നാൽ, സംസ്കൃതത്തിലെ ഇതിഹാസ പുരാണാദികളുടെ നിർമാണംതന്നെ വേദാധികാരമില്ലാതിരുന്ന സ്ത്രീ—ശൂദ്ര—പതിതർക്കുവേണ്ടിയായിരുന്നു. സംസ്കൃതഗ്രന്ഥങ്ങളിൽ നിഹിതമായിരുന്ന ആയുർവേദം, ജ്യൗതിഷം, വാസ്തുശില്പം മുതലായ പല ശാസ്ത്രങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, കേരളത്തിൽ അവ പഠിക്കുകയും പ്രയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവന്നതു് ബ്രാഹ്മണരെക്കാളേറെ അബ്രാഹ്മണർ, അവരിൽത്തന്നെ 'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ' ആയ അധഃകൃതരാണെന്നു കാണാൻ വിഷമമില്ല. ആയുർവേദം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്ന നമ്പൂതിരിമാരായ അഷ്ടവൈദ്യന്മാരെ ആഭിജാത്യത്തിൽ അല്പം താണവരായേ കേരളത്തിലെ ആഢ്യൻ നമ്പൂതിരിമാർ കരുതിയിരുന്നുള്ളു. പിന്നോക്കം നില്ക്കുന്നവരെന്നു കരുതപ്പെടുന്ന, 'തീണ്ടിക്കൂടാത്ത'വരിൽപ്പെട്ട, മണ്ണാന്മാർ (വേലന്മാർ) ആയിരുന്നു കേരളത്തിൽ ആയുർവേദം കുലവിദ്യയായി വളർത്തിയതു്. ജ്യോതിശ്ശാസ്ത്രമാണെങ്കിൽ, ഏറെക്കുറെ പൂർണമായിത്തന്നെ 'തീണ്ടിക്കൂടാത്തവർ' ആയ കണിയാന്മാരുടെ കുടുംബസ്വത്തായിരുന്നു. വാസ്തുശില്പം പഠിച്ചു പ്രയോഗിച്ചുവന്നതു് ഉളിയന്നൂർ തച്ചന്റെ പാരമ്പര്യം അവകാശപ്പെടുന്ന ആശാരിമാരായിരുന്നു. ഇവരും 'തീണ്ടിക്കൂടാത്ത'വരിൽ പെട്ടിരുന്നു. ഇവർക്കെല്ലാം പുറമെ, സംസ്കൃതഭാഷയിൽ നിഷ്ണാതരായിരുന്ന മറ്റു് അധഃകൃതജാതിക്കാരും കേരളത്തിൽ കുറവായിരുന്നില്ല. ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നീ ഹൈന്ദവേതര മതവിഭാഗക്കാർക്കിടയിലും സംസ്കൃതപണ്ഡിതന്മാരും ആയുർവേദം, ജ്യൗതിഷം മുതലായ ഫലശാസ്ത്രങ്ങളിൽ അഗാധമായ അവഗാഹം നേടിയവരും കേരളത്തിൽ കുറവായിരുന്നില്ല.

'തീണ്ടിക്കൂടാത്ത'വരിൽപ്പെട്ട വാല (അരയ) സമുദായത്തിലെ ഒരംഗമായിരുന്നു കവിതിലകൻ പണ്ഡിതർ കെ. പി. കറുപ്പൻ. പക്ഷേ, സംസ്കൃതഭാഷയിൽ അവഗാഹവും മലയാളത്തിൽ പാണ്ഡിത്യവും നേടുന്നതിനു് കറുപ്പനു് തന്റെ ജാതി തടസ്സമായിരുന്നില്ല. സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ പഠിച്ചശേഷം, കറുപ്പൻ കൊടുങ്ങല്ലൂർ ഗുരുകുലത്തിലെ ഒരംഗമായി കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണിത്തമ്പുരാൻ, മഹാമഹോപാധ്യായൻ ഗോദവർമത്തമ്പുരാൻ മുതലായവരുടെ ശിഷ്യനായി. പിന്നീടു്, കൊച്ചിരാജകുടുംബത്തിന്റെ കുലഗുരുവും മഹാപണ്ഡിതനുമായ കല്ലുങ്കര വലിയരാമപ്പിഷാരടിയുടെ കീഴിൽ സംസ്കൃതവ്യാകരണം പഠിച്ചു. കൊച്ചിമഹാരാജാവും പ്രസിദ്ധ സംസ്കൃതപണ്ഡിതനുമായിരുന്ന വാഴ്ചയൊഴിഞ്ഞ രാമവർമ മഹാരാജാവിന്റെ സവിശേഷവാത്സല്യത്തിനു പാത്രമായി. എറണാകുളത്തെ ഒരു പൗരപ്രമുഖനും സുപ്രസിദ്ധ സാഹിത്യകാരനുമായിരുന്ന സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോന്റെ സൗഹാർദം കറുപ്പന്റെ സാഹിത്യപരിശ്രമങ്ങൾക്കു് താങ്ങും തണലും നല്കി. വാഴ്ചയൊഴിഞ്ഞ മഹാരാജാവിനെത്തുടർന്നു് കൊച്ചിയുടെ ഭരണാധിപനായിത്തീർന്ന രാമവർമമഹാരാജാവു് കറുപ്പനു് 'കവിതിലകൻ' എന്ന ബിരുദം സമ്മാനിച്ചു. കൊച്ചി നിയമസഭയിൽ സർക്കാർ നാമനിർദേശംചെയ്ത ഒരു അംഗവുമായിത്തീർന്നു കറുപ്പൻ.

മത്സ്യവ്യവസായവകുപ്പിൽ ഒരു ഗുമസ്തനായി സർക്കാർ സർവീസിൽ പ്രവേശിച്ച കറുപ്പൻ വിദ്യാഭ്യാസവകുപ്പിൽ മലയാളപണ്ഡിതരായിത്തീരുകയും, ക്രമേണ ഉയർന്നു് എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകപദവി അലങ്കരിക്കുകയും ചെയ്തു. കൊച്ചിയിലെ

അക്കാലത്തെ പാഠപുസ്തകങ്ങളുടെ നിർമാണത്തിൽ കറുപ്പൻ നിർണായകമായ പങ്കുവഹിച്ചു.

കൊടുങ്ങല്ലൂർ കേന്ദ്രമായി പ്രവർത്തിച്ചുവന്ന വെണ്മണിപ്രസ്ഥാനത്തിൽ ഉഠംപ്പെടുത്താവുന്നവയാണ് കറുപ്പന്റെ കൃതികഠം. തുള്ളൽ, സംഗീതനാടകം, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, കമ്മി, ഗദ്യ—പദ്യ നാടകം, ഭാവഗാനം മുതലായവയായിരുന്നു അദ്ദേഹത്തിനു പ്രിയപ്പെട്ട സാഹിത്യരൂപങ്ങഠം. ഈ കൃതികഠംക്ക് ഇന്നു പ്രസക്തി കുറയും. കേരളത്തിലെ ഗ്രാമീണ ഗാനങ്ങഠം ശേഖരിക്കുന്നതിൽ അദ്ദേഹം തല്പരനായിരുന്നു. 'ആ പാട്ടുകളും, പ്രത്യേകിച്ച് വഞ്ചിപ്പാട്ടും, കറുപ്പൻ പാടിയാൽ കേഠംക്കാനുള്ള സുഖം ആർക്കും അക്കാലത്ത് അനുഭവൈകവേദ്യമായിരുന്നു' എന്ന് മഹാകവി ഉള്ളൂർ പറയുന്നു.

തന്റെ പാണ്ഡിത്യവും കവിത്വവും ഉദ്യോഗവും പദവിയും എല്ലാം അധഃകൃതരെ ഉദ്ധരിക്കുന്നതിനുവേണ്ടി കറുപ്പൻ സമർത്ഥമായി ഉപയോഗിച്ചു എന്നതാണു നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് പ്രസക്തമായ സംഗതി. കൊച്ചിയിലെ മഹാരാജാക്കന്മാർ പ്രായേണ യാഥാസ്ഥിതികരായിരുന്നു. മതാചാരങ്ങളിൽ, പ്രത്യേകിച്ച് ക്ഷേത്രാരാധനയിൽ, പഴയ പാരമ്പര്യങ്ങഠം പുലർത്തുവാൻ അവർ ബദ്ധദീക്ഷരുമായിരുന്നു. എങ്കിലും, ജീവിതത്തിന്റെ മററു മേഖലകളിൽ അധഃകൃതർ ഉയർന്നുവരുന്നതിൽ അവർക്കു വിരോധമുണ്ടായിരുന്നില്ല. പൗരാവകാശങ്ങളെ പററിയുള്ള ധാരണ അന്ന് ജനഹൃദയങ്ങളിൽ വേരൂന്നിക്കഴിഞ്ഞിരുന്നില്ല. ഒരു ഔദാര്യമെന്നനിലയിൽ, അധഃകൃതോദ്ധാരണത്തിന് കൊച്ചി രാജവാഴ്ച ഒരിക്കലും വിമുഖമായിരുന്നില്ല. ഈ പരിസ്ഥിതിയിൽനിന്ന് പരമാവധി മുതലെടുത്തവരായിരുന്നു സഹോദരൻ അയ്യപ്പനെയും പണ്ഡിററ് കറുപ്പനെയുംപോലെയുള്ള കൊച്ചിയിലെ അധഃകൃതനേതാക്കഠം.

കറുപ്പന്റെ കൃതികളിൽ ഏററവും അധികം പ്രസിദ്ധിനേടിയതു് ഇരുപത്തിയഞ്ചു പദ്യങ്ങഠം അടങ്ങുന്ന 'ഉദ്യാനവിരുന്ന്'' ആകുന്നു. 1926—ൽ മദ്രാസ് ഗവർണർ ഗോഷൻപ്രഭു കൊച്ചി സന്ദർശിച്ചപ്പോഠം തൃപ്പൂണിത്തുറ കനകക്കുന്നു കൊട്ടാരത്തിൽവെച്ച് മഹാരാജാവ് അദ്ദേഹത്തിനു് ഒരു ഉദ്യാനവിരുന്നു നൽകി. ഈ വിരുന്നിന് അന്നത്തെ കൊച്ചിയിലെ നിയമസഭാസാമാജികരെ ക്ഷണിച്ചിരുന്നു. നിയമസഭാംഗമായിരുന്നുവെങ്കിലും താഴ്ന്നജാതിക്കാരനായതുമൂലം കറുപ്പനെ ക്ഷണിക്കുകയുണ്ടായില്ല. ഈ വിവേചനത്തിലുള്ള പ്രതിഷേധമായിരുന്നു മഹാരാജാവിനെ നേരിട്ട് സംബോധനംചെയ്യുന്ന ഉദ്യാനവിരുന്ന് എന്ന കവിത.

'ആചാരപ്പടി പാർത്തു കാൺകിലടിയൻ
 സദ്ധീവരൻ, നല്ലെഴ—
ന്നാചാന്താഗമ വാർധിമുത്തണികയാ—
 ലമ്മട്ടിലും ധീവരൻ,
ആചാര്യത്വവുമുണ്ടു്, ചാരുധിഷണാ—
 നിസ്സൂജിതാമർത്ത്യ ലോ—
കാചാര്യോത്തമ! പിന്നെയെന്തടിയനെ—
 ക്കാപ്പിക്കു തോല്പിക്കുവാൻ?'

'മാലോകർക്കു മതിപ്രമോദമരുളും
 ശ്രീമന്മഹാഭാരതം,
ചേലോലും തദുപജ്ഞമായി വിലസും
 ശാകുന്തളം നാടകം,

ഈ ലോകോത്തര സൃഷ്ടി രണ്ടുമതുലം,
ചേലൊത്ത വാലത്തിത—
ന്നാലോലാമല നീലനീരദമിഴി—
ത്തുമ്പിൻെറ വമ്പല്ലയോ?'

'ആ ലാവണ്യപയോധിയാകുമരയ—
പ്പെണ്ണിന്നൊരുണ്ണിക്കിടാ—
വാലാക്കിൽ സ്പൃഹണീയ വെണ്മണലണി—
ദ്വീപിൽപ്പിറക്കായ്കിലോ,
നൂലാമാലകൾ തീർത്തു മാമറകളെ—
ട്ടോഷജ്ഞർ വാഴ്ത്തുംവിധം
നാലായിട്ടു പകുക്കുവാ,നിതരനാ—
രുണ്ടായിരുന്നു വിഭോ?'

എന്നതുപോലെയുള്ള, രചനാഭംഗി തികഞ്ഞ പദ്യങ്ങൾ, ജാതിവിവേചനത്തെ ആക്ഷേപിക്കുന്ന ആ കൃതിയിൽ ഉള്ളതാണ്.

കറുപ്പൻ അമ്പത്തിമൂന്നാം വയസ്സിൽ അന്തരിച്ചു. അദ്ദേഹത്തിൻെറ ജനനശതാബ്ദി ഈ മെയ്മാസത്തിൽ എറണാകുളത്തു് ആഘോഷിക്കപ്പെട്ടു. 'കറുപ്പൻമാസ്റ്ററുടെ' കൃതികൾ പ്രായേണ പ്രചാരലുപ്തങ്ങളായിക്കഴിഞ്ഞെങ്കിലും, അദ്ദേഹത്തിൻെറ ഗംഭീരസുന്ദരമായ ആകാരവും പ്രസന്നമധുരമായ പെരുമാററവും അനുസ്മരിക്കുന്ന പലരും ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. കേരളത്തിലെ നാടൻപാട്ടുകളുടെ പുനരുദ്ധാരണത്തിൽ താല്പര്യമുള്ളവർ ഈ രംഗത്തിൽ ഒരു മാർഗദർശകനായി അദ്ദേഹത്തെ എന്നും കൊണ്ടാടാതിരിക്കുകയില്ല.

(26 മെയ്, 1984)

# 66. ലാമാ അനാഗാരിക ഗോവിന്ദൻ

ലാമാ അനാഗാരിക ഗോവിന്ദനു് ഇപ്പോൾ എൺപത്താറു വയസ്സായി. നാല്പത്തിനാലുകൊല്ലം മുമ്പുവരെ അദ്ദേഹത്തിൻെറ പേരു് ഏണെസ്റ്റ് ലോഥർ ഹോഫ്മൺ എന്നായിരുന്നു. ജർമനിയിൽപ്പിറന്ന അദ്ദേഹം ഇരുപത്തിരണ്ടാം വയസ്സിൽ ബുദ്ധമതം കൈക്കൊണ്ടു. അന്നു സ്വീകരിച്ച പേരാണു് ലാമാ അനാഗാരിക ഗോവിന്ദൻ എന്നതു്. ബുദ്ധമതത്തെപ്പററി ജർമൻ ഭാഷയിൽ അദ്ദേഹം രചിച്ച 'ബുദ്ധധർമത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ' എന്ന ഗ്രന്ഥം പ്രസിദ്ധമാണു്. ഈ ഗ്രന്ഥത്തേക്കാൾ പ്രസിദ്ധിനേടിയിട്ടുണ്ടു് ഗോവിന്ദൻ വരച്ച ചിത്രങ്ങൾ.

. ഇക്കഴിഞ്ഞ മെയ്മാസത്തിൽ പടിഞ്ഞാറെ ജർമനിയിൽ ഒരു 'ബുദ്ധമതവാരം' കൊണ്ടാടുകയുണ്ടായി. ഇതോടനുബന്ധിച്ചു് 'സ്റ്റുട്ട് ഗാർട്ട്' എന്ന നഗരത്തിൽ ഒരു പ്രദർശനം സംഘടിപ്പിക്കപ്പെട്ടു. പ്രദർശനത്തിലെ പ്രധാന ആകർഷണം ലാമാ അനാഗാരിക ഗോവിന്ദൻെറ ചിത്രങ്ങൾ ആയിരുന്നു. ചീനക്കാർ തിബത്ത് കൈയടക്കുംമുമ്പ് ലാമാ ഗോവിന്ദൻ തിബത്ത് സന്ദർശിച്ചിരുന്നു. തിബത്ത് സന്ദർശനക്കാലത്തു് ഗോവിന്ദൻ വരച്ചവയായിരുന്നു ഈ ചിത്രങ്ങൾ. മതപരമായ ഉള്ളടക്കവും രഹസ്യാത്മകമായ വിദൂരാന്തരീക്ഷവുമുള്ള ഈ ചിത്രങ്ങൾ കാണാൻ ജർമൻകാർ തിരക്കിക്കൂടിയതിൽ ആശ്ചര്യമില്ല.